ഉത്തരം

(എ) 8 വില്ലേജ് ഓഫീസർമാർ ഇപ്പോൾ സസ്പെൻഷനിലുണ്ട്. തഹസീൽദാർമാർ ആരുംതന്നെ ഇപ്പോൾ സസ്പെൻഷനിലില്ല.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നേരത്തെ സസ്പെൻഡ് ചെയ്യപ്പെട്ടിരുന്ന 122 വില്ലേജ് ഓഫീസർമാരെയും 22 തഹസീൽദാർമാരെയും തിരിച്ചെടുത്തിട്ടുണ്ട്.

ആധാരത്തിന്റെ പഴക്കം കണക്കിലെടുക്കാതെ വസ്തു പേരിൽ കൂട്ടുന്നതിന് തഹസീൽദാർമാർക്ക് അധികാരം നൽകുവാൻ നടപടി

74 [1805] *ശ്രീ. എം. മുരളി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ റീസർവ്വെ പ്രാബല്യത്തിൽ വരുന്നതിനുമുമ്പ് ഉള്ള പ്രമാണങ്ങൾ പേരിൽ കൂട്ടുന്നതിന് റീസർവ്വെ ആഫീസിനെ സമീപിക്കേണ്ടി വരുന്നതുമൂലം പൊതുജനങ്ങൾ അനുഭവിക്കുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ആധാരത്തിന്റെ പഴക്കം കണക്കിലെടുക്കാതെ വസ്തു പേരിൽ കൂട്ടുന്നതിന് തഹസീൽദാർമാർക്ക് അധികാരം നൽകുവാൻവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇക്കാര്യം പരിശോധിച്ചു വരുന്നു.

ഗവൺമെന്റ് പുറമ്പോക്ക് ഭൂമിയിൽനിന്ന് അനധികൃതമായ പാറപൊട്ടിക്കൽ

75 [1806] *ശ്രീ. സി. പി. മുഹമ്മദ്:*

„ *ജി. പ്രതാപവർമ്മ തമ്പാൻ:*

„ *പ്രയാർ ഗോപാലകൃഷ്ണൻ:*

„ *എം. എം. ഹസ്സൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിൽ ഗവൺമെന്റ് പുറംപോക്ക് ഭൂമിയിൽനിന്ന് അനധികൃതമായി പാറപൊട്ടിക്കുന്നുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതേപ്പറ്റി വിശദമായ ഒരന്വേഷണം നടത്തുമോ;

(സി) ഇതുസംബന്ധിച്ച് ഗവൺമെന്റിന് എന്തു നഷ്ടം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) പത്തനംതിട്ട ജില്ലയിൽ ഗവൺമെന്റ് പുറംപോക്കു ഭൂമിയിൽ നിന്ന് അനധികൃതമായി പാറപൊട്ടിച്ചിട്ടുള്ളതും അതിനെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരം നടപടികൾ എടുത്തു വരുന്നതുമാണ്; കൊല്ലം ജില്ലയിലെ ഗവൺമെന്റ് പുറംപോക്കു ഭൂമിയിൽ നിന്ന് അനധികൃതമായി പാറപൊട്ടിക്കുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കോട്ടയം ജില്ലയിൽ അനധികൃതമായി പാറ പൊട്ടിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പത്തനംതിട്ട, കൊല്ലം, കോട്ടയം ജില്ലകളിൽ ഇതേപ്പറ്റി വിശദമായ അന്വേഷണം നടത്തി വരുന്നു.

(സി) പത്തനംതിട്ട, കോട്ടയം ജില്ലകളിൽ ഗവൺമെന്റിന് നഷ്ടമുണ്ടായിട്ടില്ല. കൊല്ലം ജില്ലയിൽ നഷ്ടം കണക്കാക്കിയിട്ടില്ല.

സംസ്ഥാനത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി

76 [1809] *ശ്രീ. മത്തായി ചാക്കോ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മിച്ചഭൂമിയായി പ്രഖ്യാപിച്ചിട്ടുള്ള ഭൂമി എത്ര ഹെക്ടർ വരുമെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമി വിതരണം ചെയ്യുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്ത് എത്ര ഹെക്ടർ ഭൂമി മിച്ചഭൂമിയായിട്ടുണ്ടായിരുന്നു;

(ഡി) ഇതിനകം എത്ര ഹെക്ടർ ഭൂമി വിതരണം ചെയ്തു എന്നറിയിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ആകെ 52824 ഹെക്ടർ (130476 ഏക്കർ) ഭൂമി മിച്ചഭൂമി ആയി പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) മിച്ചഭൂമി വിതരണം ചെയ്യുന്നത് ജില്ലാ കളക്ടറേറ്റുകൾ വഴിയാണ്. മിച്ചഭൂമി വിതരണം ഊർജ്ജിതമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly